**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മാനസിക-ശാരീരിക പീഡനം മൂലം ആത്മഹത്യയിലേക്ക് നയിക്കപ്പെടുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ച് വരുന്ന കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | (എ) പരിശോധന വിധേയമാക്കിയിട്ടുണ്ട്. 2019 വർഷം മുതൽ നാളിതുവരെയുള്ള (27/06/2022 വരെ) കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് മാനസിക-ശാരീരിക പീഡനം മൂലം ആത്മഹത്യ ചെയ്ത സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. ആയതിന്റെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭർത്തൃ ഗൃഹത്തിലെ പീഡനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ; | (ബി) | (ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭർതൃഗൃഹത്തിലെ പീഡനവുമായി ബന്ധപ്പെട്ട് വനിതാശിശു വികസന വകുപ്പിലെ വിമൻ പ്രൊട്ടക്ഷൻ ആഫീസർമാർ മുഖേന 7468 കേസുകളും, വനിതാ കമ്മീഷൻ മുഖേന 1857 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ വിമൻ പ്രൊട്ടക്ഷൻ ആഫീസർമാർ രജിസ്റ്റർ ചെയ്ത കേസിൽ 1087 എണ്ണത്തിന് DIR ഫയൽ ചെയ്തിട്ടുണ്ട്. സ്ത്രീധന പീഡനം സംബന്ധിച്ച് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ 105 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ആഭ്യന്തരവകുപ്പ് ലഭ്യമാക്കിയ കണക്കുകൾ താഴെപ്പറയുന്നു.<br><br><u>കേസുകളുടെ എണ്ണം</u><br><br>2021 വർഷം - 5128<br><br>2022 (27.6.22 വരെ) - 2656 |
| (സി) | സ്ത്രീധന മരണങ്ങൾ ഇല്ലാതാക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | (സി) സ്ത്രീധന മരണങ്ങൾ ഇല്ലാതാക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വകുപ്പ് ബോധവൽക്കരണ പരിപാടികളും നിരവധി പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| | 2019 | 2020 | 2021 | 2022 upto 26.06.2022 |
|---|---|---|---|---|
| മാനസിക-ശാരീരിക പീഡനം മൂലം ആത്മഹത്യ ചെയ്ത സ്ത്രീകളുടെ എണ്ണം | 87 | 79 | 72 | 39 |

Section Officer

**അനുബന്ധം-2**

- സ്ത്രീ സുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് വകുപ്പ് നിരവധി നിയമങ്ങൾ നടപ്പിലാക്കിവരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് സ്ത്രീധന നിരോധന നിയമം 1961. സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും , 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള സ്ത്രീധന നിരോധന ചട്ടങ്ങൾ 2004 ഖണ്ഡം 6 ഉപഖണ്ഡം (IV) കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ 2021 ഖണ്ഡം 2 ഉപഖണ്ഡം (1) പ്രകാരം ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനറായും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ അഡ്വൈസറി ബോർഡും രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/ സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry. വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

- തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം - 2013 വകുപ്പ് നടപ്പിലാക്കി വരുന്നു. ടി നിയമം

നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശുവികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തി 13.08.18 ലെ സ.ഉ (സാധാ) നം. 489/2018/സാനീവ യുടെ അടിസ്ഥാനത്തിൽ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിലും കീഴ് കാര്യാലയങ്ങളിലും പ്രസ്തുത നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും ഈ നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ജില്ലാ ഓഫീസർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുക്കുന്നതിനായി വകുപ്പിലെ 258 ശിശുവികസന പദ്ധതി ഓഫീസർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ Sexual Harrassment of women at workplace (Prevention, prohibition and redressel) Act 2013 സംബന്ധിച്ചുള്ള പരാതികൾ ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിനുള്ള SHe Box എന്ന ഓൺലൈൻ പോർട്ടൽ കേരളവും നടപ്പാക്കുന്നുണ്ട്. ടി പോർട്ടലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി വകുപ്പിലെ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ പരാതികൾ പരിശോധിക്കുന്നതിനായി 14 ജില്ലകളിലെയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. കഴിഞ്ഞ 2 വർഷങ്ങളായി ഇന്റേണൽ കമ്മിറ്റി അംഗങ്ങൾക്കും പൊതുജനങ്ങൾ/വിദ്യാർത്ഥികൾക്കും നിരവധി ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചു. (ജില്ലാ തലത്തിൽ 127 ട്രെയിനിംഗ്). കൂടാതെ വകുപ്പ് വഴി മൂന്ന് ലക്ഷം ബുക്ക് ലെറ്റ് പ്രിൻറ് ചെയ്തു തൊഴിൽ സ്ഥലങ്ങളിൽ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ സ്ഥലത്തെ ലൈംഗീക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം 2013 പ്രകാരമുള്ള ലോക്കൽ കമ്മിറ്റികളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണവും, dispose ചെയ്ത കേസുകളുടെ എണ്ണവും അടങ്ങുന്ന ഡേറ്റ compile ചെയ്തു സൂക്ഷിക്കുക, കൂടാതെ ഇന്റേണൽ കമ്മിറ്റികളിൽ ലഭ്യമാകുന്ന Annual report കൾ compile ചെയ്തു സൂക്ഷിക്കുക എന്നീ കാര്യങ്ങൾക്ക് സി ഡിറ്റ്-ന്റെ സഹായത്തോടെ ഒരു digital platform തയ്യാറാക്കി വരുന്നു.

- കനൽ കർമ്മ പദ്ധതിയിലൂടെ ലിംഗപദവി അസമത്വം മാറ്റി ലിംഗ പദവി സമത്വം കൊണ്ടുവരാനായി യുവാക്കളെ കേന്ദ്രീകരിച്ച് ആദ്യഘട്ടത്തിൽ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ആയത് വഴി സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുകയെന്നതാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കി. പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ടെക്നിക്കൽ/നോൺടെക്നിക്കൽ കോളേജുകളിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജെൻറർ റിലേഷൻസ് ആന്റ് വിമൺ ലെജിസ്ലേഷനുകളെ കുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. (129569 വിദ്യാർത്ഥികൾക്ക് 725 കോളേജുകളിലായി 1052 സെഷൻസ് നടപ്പിലാക്കി,) കൂടാതെ സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽ നിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ലിംഗസമത്വവും, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിന്, വിവാഹ ധൂർത്തു നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് ടെക്നിക്കൽ/ നോൺ ടെക്നിക്കൽ കോളേജുകളിൽ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്.

- ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 വകുപ്പ് വഴി നടപ്പിലാക്കിവരുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്,

ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

- ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച 'രക്ഷാദൂത്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ "എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ് . ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/ കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ് ആപ്പ് sms helpline നിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

- ഗാർഹിക പീഡനം, ജെൻഡർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പരിപാടിയാണ് പ്രീ ആന്റ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്. 2022 മാർച്ച് 8 ന് ടി പദ്ധതി ആരംഭിക്കുകയും ആയതിന്റെ ഭാഗമായി ഫാമിലി കൗൺസിലിംഗ് സെന്ററുകളിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാർക്കും വകുപ്പ് വഴി ജോലിചെയ്യുവരുന്ന മറ്റ് കൗൺസിലേഴ്സിനും ട്രെയിനിംഗ് നൽകി. കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 38 ഫാമിലി കൗൺസിലിങ് സെന്ററുകൾ വനിതാ ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ത്രീ സുരക്ഷാ നിയമങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 'കാതോർത്ത്' പോർട്ടൽ ആരംഭിക്കുകയുണ്ടായി. ടി പോർട്ടൽ വഴി സ്ത്രീകൾക്ക് സൗജന്യ നിയമ ഉപദേശം നൽകുന്നതിനായി വക്കീലിന്റെ കൺസൾട്ടേഷൻ, പോലീസിന്റെ കൺസൾട്ടേഷൻ, ഇതിനുപുറമേ സൈക്കോളജിക്കൽ കൺസൾട്ടേഷന് സൈക്കോളജിസ്റ്റിന്റെ സേവനവും നൽകുന്നതാണ്.
- സ്ത്രീധന മരണങ്ങൾ ഇല്ലാതാക്കുന്നതിനും സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനും കേരള വനിതാ കമ്മിഷൻ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണ പ്രവർത്തനങ്ങൾ അച്ചടി, ദൃശ്യ, ശ്രവ്യ ഓൺലൈൻ സോഷ്യൽ മാധ്യമങ്ങളിലൂടെ നടത്തി വരുന്നു. പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രചാരണം. സ്ത്രീ സംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവരുന്നു. വനിതാ കമ്മിഷന്റെ തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി എന്നിവ വഴിയും, സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസുകൾ ഓൺലൈനടക്കം ചെയ്യുവരുന്നു. കൂടാതെ കഴിഞ്ഞ 10 വർഷത്തിനിടയിൽ നടന്ന സ്ത്രീധന പീഡനമരണങ്ങളെക്കുറിച്ച് ആഴത്തിലുള്ള ഒരു പഠനം നടത്തി വരുന്നു.

സ്ത്രീധനം എന്ന വിപത്തിനെ കേരളീയ സമൂഹത്തിൽ നിന്നും തുടച്ചു മാറ്റുന്നതിനുള്ള തീവ്രശ്രമങ്ങൾ കമ്മിഷൻ സ്വീകരിച്ചു വരുന്നു.

- പൊതു ഇടങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.
- സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പോലീസ് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ നടന്നാൽ അതിവേഗം FIR രജിസ്റ്റർ ചെയ്യണമെന്നും ഫോറൻസിക് പരിശോധനയ്ക്കുള്ള തെളിവ് ശേഖരണം, മറ്റ് ശാസ്ത്രീയ തെളിവ് ശേഖരിക്കൽ, രണ്ട് മാസത്തിനുള്ളിൽ ലൈംഗികാതിക്രമ കേസുകളുടെ അന്വേഷണം പൂർത്തിയാക്കൽ എന്നിവയെപ്പറ്റി ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യത്തെക്കുറിച്ച് അറിവോ പരാതിയോ ലഭിച്ചാൽ അധികാര പരിധി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ തുടരന്വേഷണത്തിനായി 24 മണിക്കൂറിനുള്ളിൽ കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച പരാതികളിന്മേൽ പരാതിക്കാരുടെ വീട്ടിൽ നേരിട്ട് ചെന്ന് മൊഴികളും മറ്റും രേഖപ്പെടുത്തുന്നതുവഴി

ഇത്തരം കുറ്റകൃത്യങ്ങളിൽ പരാതി നൽകാനുള്ള വിമുഖത ഒഴിവാകുകയും ഇരയ്ക്കൊപ്പമാണ് പോലീസ് എന്ന മനോഭാവം പരാതിക്കാരിൽ ഉളവാക്കുവാനും സാധിച്ചിട്ടുണ്ട്. എല്ലാ മാസവും ആദ്യവാരം ജില്ലാ പോലീസ് മോധാവിമാരുടെ നേതൃത്വത്തിൽ എസ്.എച്ച്.ഒ മാരെ ഏകോപിപ്പിച്ച് MONTHLY CRIME CONFERENCE നടത്തി ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്താറുണ്ട്. കേസന്വേഷണത്തിൽ വീഴ്ചയോ അപാകതകളോ കണ്ടാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

- ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായ പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കും ആത്മ ധൈര്യം നൽകുന്നതിനായി വിദഗ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ Self Defence Training ക്ലാസ്സുകൾ സ്കൂൾ, കോളേജ്, വിവിധ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയിലൂടെ നൽകി വരുന്നുണ്ട്.

Section officer